കില
വാർത്താപത്രിക

VOLUME-8
ISSUE-11-12
NOV-DEC 2015

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്തുകളിലെ അദ്ധ്യക്ഷന്മാർക്കുള്ള പരിശീലനപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ നിർവഹിച്ച് സംസ്ഥാന പഞ്ചായത്തു സാമൂഹ്യക്ഷേമവകുപ്പുമന്ത്രി **ഡോ.എം.കെ.മുനീർ** സംസാരിക്കുന്നു

ത്രിതലപഞ്ചായത്തുകളിലെ പുതിയ ജനപ്രതിനിധികൾക്കു പരിശീലനം തുടങ്ങി

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്തുകളിലെ അദ്ധ്യക്ഷന്മാർക്കുള്ള പരിശീലനപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ സംസ്ഥാന പഞ്ചായത്തു സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ എം.കെ. മുനീർ നിർവഹിച്ചു. ആരോഗ്യവകുപ്പുമന്ത്രി വി.എസ്.ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ പഞ്ചായത്തുകൾക്കുവേണ്ടി ഐ.കെ.എം വികസിപ്പിച്ചെടുത്ത സകർമ സോഫ്റ്റ് വെയറിന്റെ ഉദ്ഘാടനവും കൈപ്പുസ്കങ്ങളുടെ പ്രകാശനവും മന്ത്രി മുനീറാണ് നിർവഹിച്ചത്. പഞ്ചായത്ത് ഡയറക്ടർ സി.എ.ലത ഐ.എ.എസ് സ്വാഗതമാശംസിച്ചു.എം.ബി.എസ് യൂത്ത് കയറിന്റെ സ്വാഗതഗാനാലാപനത്തോടെയായിരുന്നു തുടക്കം. പരിശീലനപരിപാടികളെക്കുറിച്ചുള്ള സംക്ഷിപ്ത റിപ്പോർട്ട് കില ഡയറക്ടർ ഡോ. പി.പി.ബാലൻ അവതരിപ്പിച്ചു. ഏകദിന പരിശീലനപരിപാടിക്കുവേണ്ടി തയ്യാറാക്കിയ സി.ഡി.യുടെ പ്രകാശനം തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ.മധു നിർവഹിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എ.ടി.തോമസ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ.എം.മണികണ്ഠൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി.മാത്യു, സെക്രട്ടറി സൂപ്പി നരിക്കാട്ടേരി ഇ.പി.ജയരാജൻ എം.എൽ.എ തുടങ്ങിയവർ ആശംസകളർപ്പിച്ചു.

പ്രാദേശികഭരണം കൂടുതൽ പ്രതീക്ഷകളും പുതിയ സാദ്ധ്യതകളും എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാന ആസൂത്രണബോർഡ് അംഗം സി.പി. ജോൺ സംസാരിച്ചു. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫിസർ എസ്.ദിവാകരൻ പിള്ള, തദ്ദേശമിത്രം ഡയറക്ടർ കുമാരി ടി.മിത്ര ഐ.എ.എസ്, ഐ.കെ.എം ഡയറക്ടർ സി.പി. സുരേഷ്കുമാർ എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. പരിശീലനപരിപാടികളുടെ ചുമതലയുള്ള കിലയിലെ കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ കൃതജ്ഞത രേഖപ്പെടുത്തി.

തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കു ഡിസംബർ 4,5,6 തീയതികളിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കു ഡിസംബർ മൂന്നിനും ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷന്മാർക്കു നാലിനും പരിശീലനം നൽകി.ഡിസംബർ 7 മുതൽ 12 വരെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ ജനപ്രതിനിധികൾക്കും 152 ബ്ലോക്ക് കേന്ദ്രങ്ങളിലായിട്ടാണ് പരിശീലനം നൽകിയത്.പൊതുഭരണം, പ്രാദേശികഭരണം, ഗ്രാമസഭ-വാർഡുസഭ, സദ്ഭരണം, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്, സ്ഥാപനമാനേജ്മെന്റ് എന്നീ മേഖലകളുമായി ബന്ധപ്പെട്ട ആറു കൈപ്പുസ്തകങ്ങളും പ്രത്യേക സി.ഡിയും പരിശീലനത്തിനുവേണ്ടി കില തയ്യാറാക്കിയിരുന്നു. പരിശീലനം നൽകുന്നതിനു കില 300 പേരെയാണ് സജ്ജരാക്കിയത്.

തദ്ദേശഭരണസ്ഥാപനങ്ങളിലെ മീറ്റിംഗ് മാനേജ്മെന്റ് ഓൺലൈനിലാക്കുന്നതിനു ഇൻഫർമേഷൻ കേരളാമിഷൻ (ഐ.കെ.എം) വികസിപ്പിച്ചെടുത്ത സകർമസോഫ്റ്റ് വെയറിനെക്കുറിച്ച് പഞ്ചായത്ത്-നഗരസഭ-കോർപ്പറേഷൻ സെക്രട്ടറിമാർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

തദ്ദേശഭരണസ്ഥാപനങ്ങളിലെ മീറ്റിംഗ് മാനേജ്മെന്റ് ഓൺലൈനാക്കുന്നു

തദ്ദേശഭരണസ്ഥാപനങ്ങളിലെ മീറ്റിംഗ് മാനേജ്മെന്റ് ഓൺലൈനിലാക്കുന്നു. ഇതിനായി ഇൻഫർമേഷൻ കേരളാമിഷൻ (ഐ.കെ.എം) വികസിപ്പിച്ചെടുത്ത സകർമ സോഫ്റ്റ് വെയർ പുതിയ ഭരണസമിതികളുടെ ആദ്യ യോഗം മുതൽ തന്നെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സകർമ സോഫ്റ്റ് വെയറിനെക്കുറിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിപുലമായ പരിശീലന പരിപാടികളാണ് കില തയ്യാറാക്കിയിട്ടുള്ളത്. ഡിസംബർ നാലിനു തുടങ്ങുന്ന ജനപ്രതിനിധികളുടെ പരിശീലനപരിപാടിയിൽ സകർമ സോഫ്റ്റ വെയറും ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ സെക്രട്ടറിമാരാണ് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടിയിൽ പങ്കെടുത്തത്. ആദ്യദിവസം രണ്ടു ബാച്ചുകളിലായി 600 പേരും ശേഷിക്കുന്നവർ അടുത്ത ദിവസങ്ങളിലെ പരിശീലനപരിപാടിയിലും പങ്കെടുത്ത.തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കാനും കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രവർത്തനം വേഗത്തിലാക്കാനും ഇതുമൂലം സാധിക്കുമെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു.

കമ്മിറ്റിയോഗത്തിന്റെ നോട്ടീസ്, അജണ്ട, ഹാജർ, ചർച്ചകൾ, തീരുമാനങ്ങൾ ഇവയെല്ലാം ഇനി കമ്പ്യൂട്ടറിലാകും. 72 മണിക്കൂറിനുശേഷം വിപുലീകരിച്ച മിനുറ്റ്സ് എല്ലാ സെക്ഷനുകളിലും തദ്ദേശഭരണസ്ഥാപനത്തിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലുമെത്തും.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി.രാജൻ, കോർഡിനേറ്റർ അലക്സ് എന്നിവർ സംസാരിച്ചു.സി.രാധാകൃഷ്ണൻ ഐ.കെ.എമ്മിലെ പി. കെ.ബഷീർ എന്നിവർ നേതൃത്വം നൽകി.

സകർമ പരിശീലനപരിപാടിയിൽ പങ്കെടുത്ത പഞ്ചായത്ത്-നഗരസഭ കോർപ്പറേഷൻ സെക്രട്ടറിമാർ

വരുംവർഷപദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പരിഗണന നൽകേണ്ട വിഷയങ്ങൾ പ്രധാനമായും കാർഷികമേഖലയുടെ സമഗ്ര വളർച്ചയാവണം. കൂടാതെ കാർഷിക അനുബന്ധ മേഖലയും ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പരിപാടികളും ആവിഷ്ക്കരിക്കണം.സമ്പൂർണ ശുദ്ധജല സുരക്ഷയ്ക്കുള്ള പദ്ധതികളായ മഴവെള്ള സംഭരണം, ജലാശയസംരക്ഷണം ഇവയ്ക്കു പ്രാധാന്യം കൊടുക്കാം. ജില്ലാ-ബ്ലോക്ക് പദ്ധതികളുമായി ബന്ധപ്പെടുത്തി ചെയ്താൽ കൂടുതൽ നന്നായി.

കാർഷികമേഖലയുടെ സമഗ്രവളർച്ചയ്ക്കു തദ്ദേശസ്ഥാപനങ്ങൾ മുൻഗണന നൽകണം

ഈ സാമ്പത്തികവർഷത്തെ വാർഷികപദ്ധതി കാര്യക്ഷമമായും സമയബന്ധിതമായും നിർവഹിക്കുകയെന്നതാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പുതിയ ഭരണസമിതികളുടെ മുന്നിലുള്ള ആദ്യ ദൗത്യം.ഈ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഭേദഗതി അനുവദനീയമല്ല.അതിനാൽ പുതിയ ഭരണസമിതികൾ ആദ്യം ചെയ്യേണ്ടത് വാർഷികപദ്ധതിയിൽ ഇതുവരെ പൂർത്തിയായതും പ്രവർത്തനമാരംഭിച്ചതും തുടങ്ങാനിരിക്കുന്നതുമായ പരിപാടികളെക്കുറിച്ചു നിർവഹണ ഉദ്യോഗസ്ഥരിൽനിന്ന് വിശദമായ റിപ്പോർട്ട് ശേഖരിക്കുകയാണ്.

ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വാർഷികപദ്ധതി അവലോകനം നടത്തി പദ്ധതി നിർവഹണകലണ്ടർ തയ്യാറാക്കേണ്ടിയിരിക്കുന്നു.വിവിധ ഏജൻസികളെ യോജിപ്പിച്ചു ചെയ്യേണ്ട പദ്ധതികളിൽ അതിനുള്ള സംവിധാനം ഒരുക്കുകയും വേണം. മഴയ്ക്കുശേഷം ചെയ്യാവുന്ന നിർമ്മാണപദ്ധതികളുടെ നിർവഹണം ത്വരിതപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. വിവിധ ശ്രോതസ്സുകളിലൂടെ ലഭിക്കേണ്ട ഫണ്ട് സമാഹരണം പൂർണമാക്കുകയും എല്ലാ തനതു ഫണ്ടുകളും ശേഖരിക്കുകയും വേണം. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വികേന്ദ്രീകൃത സംസ്കരണസംവിധാനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ മുൻഗണന വേണം.

പുതിയ ജനപ്രതിനിധികൾ ശ്രദ്ധ ചെലുത്തേണ്ട മറ്റൊരു കാര്യം 2016-17 വർഷത്തെ പദ്ധതി രൂപീകരണമാണ്.കഴിഞ്ഞ ഭരണസമിതി രൂപം നൽകിയ പഞ്ചവത്സരപദ്ധതി കൂടി പരിഗണിച്ചായിരിക്കണം ഇതു ചെണ്ടേത്.ഭരണത്തിന്റെയും വികസനത്തിന്റേയും തുടർച്ചയാണ് പുതിയ ഭരണസമിതിയുലൂടെ നിർവഹിക്കപ്പെടേണ്ടത്. പുതിയ വർഷത്തെ പദ്ധതി ജനുവരി 31 നകം ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിക്കണം.ഇതിനാവശ്യമായ വിവിധഘട്ട പ്രവർത്തനങ്ങൾ ജന-ഉദ്യോഗസ്ഥ-വിദഗദ്ധ പങ്കാളിത്തത്തോടെ പൂർത്തിയാക്കണം. അയൽസഭകളുടെ രൂപീകരണമാണ് ഇതിൽ പ്രധാനം.

വരുംവർഷ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പരിഗണന നൽകേണ്ട വിഷയങ്ങൾ പ്രധാനമായും കാർഷികമേഖലയുടെ സമഗ്ര വളർച്ചയാവണം.കൂടാതെ കാർഷിക അനുബന്ധ മേഖലയും ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പരിപാടികളും ആവിഷ്ക്കരിക്കണം.സമ്പൂർണ ശുദ്ധജല സുരക്ഷയ്ക്കുള്ള പദ്ധതികളായ മഴവെള്ള സംഭരണം,ജലാശയസംരക്ഷണം ഇവയ്ക്കു പ്രാധാന്യം കൊടുക്കാം.ജില്ലാ-ബ്ലോക്ക് പദ്ധതികളുമായി ബന്ധപ്പെടുത്തി ചെയ്താൽ കൂടുതൽ നന്നായി.

ആരോഗ്യസ്ഥാപനങ്ങളുടെ സേവനഗുണമേന്മ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളാണ് മറ്റൊന്ന്.രോഗപ്രതിരോധ-പകർച്ചവ്യാധി തടയൽ-മുൻകരുതൽ പ്രവർത്തനങ്ങൾ എന്നിവയ്ക്കു പ്രാധാന്യം നൽകണം. വിദ്യാലയ ഭൗതികസൗകര്യ-വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കൂടി പരിഗണിക്കണം.പല തദ്ദേസ്വയംഭരണസ്ഥാപനങ്ങളിലും പാർപ്പിടം മുഖ്യവിഷയമായതുകൊണ്ട് സമ്പൂർണ പാർപ്പിടമെന്ന നേട്ടം കൈവരിക്കാൻ വിവിധ ഏജൻസികളുമായി സഹകരിച്ച് പദ്ധതിയുണ്ടാക്കണം. കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ ഇവരുടെ വികസവും സേവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും മുൻഗണന നൽകേണ്ടവ തന്നെ.പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പദ്ധതികൾ നിർബന്ധമായും തുടരണം.

മഴലഭ്യതയുടെ കുറവും കാലാവസ്ഥാവ്യതിയനവും മൂലം ഉണ്ടാകാനിടയുള്ള ജലക്ഷാമം, വരൾച്ച എന്നിവയെ മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ഈ മേഖലയിലെ വിദഗ്ദ്ധരും സ്ഥാപനങ്ങളുമായി ചേർന്നു പദ്ധതിക്കു രൂപം നൽകാം. പ്രാദേശികാവശ്യം പരിഗണിച്ച് ജലസേചനം, മണ്ണ്-ജല സംരക്ഷണം, ശുദ്ധജലം എന്നീ മേഖലകളിൽ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം.

ഭരണസമിതി അധികാരമേറ്റെടുത്ത് ആറുമാസത്തിനകം പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കണം. മൂന്നു മാസത്തിനകം തന്നെ ഗ്രാമസഭ വിളിച്ചുചേർക്കണം.ഇതിൽ പ്രസിഡന്റും സ്ഥിരംസമിതി ചെയർമാൻമാരും പ്രധാന ഉദ്യോഗസ്ഥരും പങ്കെടുക്കണം.

കുറെയധികം തദ്ദേസ്വയംഭരണസ്ഥാപനങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.അവയുടെ ഫലപ്രദമായ തുടർച്ച രാഷ്ട്രീയകക്ഷികൾക്കതീതമായി പുതിയ ഭരണസമിതി ഏറ്റെടുക്കണം.

ഡോ.പി.പി.ബാലൻ
ഡയറക്ടർ കില



തദ്ദേശസ്ഥാപനങ്ങളിൽ അയൽസഭകൾ പദ്ധതിരേഖ തയ്യാറാക്കും

തദ്ദേശസ്ഥാപനങ്ങളിൽ പദ്ധതി രൂപരേഖ മുകൾ തട്ടിൽ തയ്യാറാക്കുന്ന പ്രധാന വ്യവസ്ഥയ്ക്കു മാറ്റം വരുന്നു. പുതിയ കമ്മ്യൂണിറ്റി പ്ലാനിംഗ് അനുസരിച്ച് പ്രദേശത്തിനാവശ്യമായ വികസനപദ്ധതികളുടെ രൂപരേഖ ഇനി മുതൽ മുൻഗണനാക്രമത്തിൽ അയൽസഭകളാണ് ചർച്ച ചെയ്തു തയ്യാറാക്കുക. 50-100 വരെ കുടുംബങ്ങളുടെ പ്രതിനിധികൾ ഉൾപ്പെട്ടതാണ് അയൽസഭ. ഒരു വാർഡിൽ 11 അംഗങ്ങളുൾപ്പെടുന്ന അയൽസഭ നിർവാഹകസമിതിയുണ്ടാകണം. അങ്ങനെ ശരാശരി അഞ്ചു അയൽസഭകളുണ്ടാകും. അവ തയ്യാറാക്കുന്ന രൂപരേഖ വാർഡുതല വികസനസമിതി ക്രോഡീകരിച്ച് തദ്ദേശസ്ഥാപനങ്ങളുടെ വർക്കിംഗ് ഗ്രൂപ്പുകൾക്കു നൽകുകയും അവ പിന്നീട് ഗ്രാമസഭകളിൽ വിശദമായി ചർച്ചചെയ്യുകയുമാണ് വേണ്ടത്. അയൽസഭകളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന പതിനഞ്ചംഗങ്ങളുൾപ്പെട്ടതാണ് വാർഡുസഭ.തദ്ദേശസ്ഥാപനങ്ങളുടെ വാർഡ്-ഡിവിഷൻ അംഗമാണ് നടപടിക്കു മേൽനോട്ടം വഹിക്കേണ്ടത്.അവരെ സഹായിക്കാൻ വേതനവ്യവസ്ഥയിൽ രണ്ടുവർഷത്തെ കാലാവധിയിൽ സഹായിയെ നിയമിക്കാം.നിയമനത്തിൽ കുടുംബശ്രീ അംഗങ്ങൾക്കു മുൻഗണന നൽകും.ഗ്രാമസേവാകേന്ദ്രങ്ങളായിരിക്കും വികസനപദ്ധതികളുടെ പ്രധാന ചർച്ചാകേന്ദ്രം. സാമൂഹികാധിഷ്ഠിത പദ്ധതിരൂപീകരണത്തിലൂടെ (കമ്മ്യൂണിറ്റി പ്ലാനിംഗ്) പ്രദേശത്തെ കുടുംബങ്ങളുടെ അടിസ്ഥാന വികസനാവശ്യം ഭരണസമിതിയുടെ മുന്നിലെത്തിച്ച് നടപ്പാക്കാൻ കഴിയുമെന്നാണ് അധികൃതരുടെ കണക്കുകൂട്ടൽ.പ്രോജക്ടുകൾ ജനങ്ങളുടെ ഉടമസ്ഥതയിൽ നടപ്പാക്കുകയാണ് പുതിയ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നതെന്നു കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. ഇതു സംബന്ധിച്ച് ഭരണസമിതി അംഗങ്ങൾക്കു പരിശീലനം നൽകും.

അധികാരവികേന്ദ്രീകരണം നടപ്പാക്കിയതിന്റെ ഇരുപതാം വർഷത്തിലാണ് കമ്മ്യൂണിറ്റി പ്ലാനിംഗ് സംവിധാനം നടപ്പാക്കുന്നത്. നിലവിലെ തദ്ദേശസ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പദ്ധതി രൂപരേഖയും നിർദ്ദേശങ്ങളും പിന്നീട് ഗ്രാമസഭയിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.ബന്ധപ്പെട്ട സ്ഥിരംസമിതികളിലെ ചർച്ചയ്ക്കു ശേഷം തദ്ദേശഭരണസമിതി പദ്ധതിക്കു അംഗീകാരം നൽകും.

കിലയിൽ സംഘടിപ്പിച്ച പരിശീലകരുടെ പരിശീലനപരിപാടി
കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

പരിശീലകരുടെ പരിശീലനത്തിൽ പങ്കെടുത്തവർ

ത്രിതല പഞ്ചായത്തുകളിലെ അദ്ധ്യക്ഷന്മാർക്കു തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ പങ്കെടുത്ത് ആരോഗ്യവകുപ്പുമന്ത്രി **വി.എസ്. ശിവകുമാർ** സംസാരിക്കുന്നു

പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കു പരിശീലനത്തിനായി തയ്യാറാക്കിയ തദ്ദേശഭരണം എന്ന സിഡിയുടെ പ്രകാശനകർമ്മം

ത്രിതല പഞ്ചായത്തുകളിലെ അദ്ധ്യക്ഷന്മാർക്കു തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ പഞ്ചായത്ത് ഡയറക്ടർ **സി.എ.ലത ഐ.എ.എസ്** സ്വാഗതമാശംസിക്കുന്നു

കിലയിൽ സംഘടിപ്പിച്ച ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ പരിശീലനപരിപാടിയിൽ സംസ്ഥാന ആസൂത്രണബോർഡ് അംഗം **സി.പി.ജോൺ** സംസാരിക്കുന്നു

ചോദിക്കൂ പറയാം

? ഞാനൊരു എയ്ഡഡ് സ്കൂൾ അധ്യാപകനാണ്.പുതിയതായി പഞ്ചായത്തു മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു.എനിക്കു ശമ്പളത്തോടൊപ്പം പഞ്ചായത്തിൽനിന്ന് മെമ്പറെന്ന നിലയിൽ ഓണറേറിയം വാങ്ങാമോ?

● ഓണറേറിയവും സിററിംഗ് ഫീസും വാങ്ങാവുന്നതാണ്. പഞ്ചായത്തുയോഗങ്ങളിൽ പങ്കെടുക്കുന്ന ദിവസങ്ങളിൽ അവധിയെടുത്തിരിക്കണം.(ജി.ഒ.(പി)265/2004/തസ്വഭവ.13.8.2004.)

? ബ്ലോക്ക് പഞ്ചായത്തിൽ പങ്കെടുക്കുന്ന പഞ്ചായത്ത് പ്രസിഡന്റിനു വോട്ടവകാശമുണ്ടോ?

● ഉണ്ട്. എന്നാൽ പ്രസിഡന്റ്,വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ് അവിശ്വാസപ്രമേയം എന്നിവയിൽ വോട്ടെടുപ്പു നടക്കുമ്പോൾ അതിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

? കള്ളുഷാപ്പ് സ്ഥാപിക്കാൻ പഞ്ചായത്തിന്റെ അനുമതി ആവശ്യമാണോ?പഞ്ചായത്തിൽനിന്നു ലൈസൻസ് നൽകണമോ? ഏതെല്ലാം നിബന്ധനകൾ പാലിക്കണം?

● കള്ളുഷാപ്പ് സ്ഥാപിക്കാൻ പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽനിന്ന് ഡി.ആന്റ് ഓ ലൈസൻസ് നൽകണം. എക്സൈസ് വകുപ്പിൽനിന്ന് കള്ളുവിൽപ്പനയ്ക്കു ലൈസൻസ് ലഭിച്ചതിന്റെ പകർപ്പ്, ഫുഡ് ആന്റ് സേഫ്റ്റി വകുപ്പിൽനിന്ന് എൻ.ഒ.സി എന്നിവ സഹിതം അപേക്ഷ വാങ്ങി ലൈസൻസ് നൽകേണ്ടതാണ്.

? ജനപ്രതിനിധികളായ എയ്ഡഡ് സ്കൂൾ അധ്യാപകർ/അനധ്യാപകർ എന്നിവർക്കു അനുവദനീയമായ പ്രത്യേക അവധി എത്രയാണ്?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റ്,ചെയർപേഴ്സൻ,ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്കു ഇരുപതു ദിവസത്തേക്കും മെമ്പർമാർക്കു പതിനഞ്ചുദിവസത്തേക്കും ഡ്യൂട്ടിലീവ് ലഭിക്കും.(അധ്യാപകർ എന്ന നിലയിലുള്ള ചുമതലകൾക്കും കുട്ടികളുടെ വിദ്യാഭ്യാസ താൽപര്യങ്ങൾക്കും ഹാനികരമാകരുത്.) (ജി.ഒ.(പി)28/98 പൊതുവിദ്യാഭ്യാസവകുപ്പ് 16.1.1998).പ്രസിഡന്റ്/ചെയർപേഴ്സൺ/ചെയർമാൻ എന്നിവർക്കു ഒരു വിദ്യാഭ്യാസവർഷത്തേക്കോ പദവി വഹിക്കുന്ന കാലത്തേക്കോ ശമ്പളമില്ലാതെ പ്രത്യേക അവധിയും ലഭിക്കും. ഈ അവധി ഇൻക്രിമെന്റ്, ഉയർന്ന ശമ്പളസ്കെയിൽ, പെൻഷൻ എന്നിവയ്ക്കു പരിഗണിക്കും.1.(ജി.ഒ.(പി)12/2006 പൊതുവിദ്യാഭ്യാസവകുപ്പ് 9.1.2006)2.സ.ഉ.(എം.എസ് 81/08 തസ്വഭവ.തീയതി.15.3.2008)

? ഒരു പഞ്ചായത്തംഗത്തിനു പരമാവധി എത്രവരെ അവധിയെടുക്കാ?

● പഞ്ചായത്തിന്റെ അനുമതിയോടുകൂടി പരമാവധി ആറു മാസം വരെ ജനപ്രതിനിധികൾക്കു അവധിയെടുക്കാം. അപ്രകാരം അവധിയെടുത്താൽ ഓണറേറിയത്തിനു അർഹതയുണ്ടായിരിക്കുന്നതല്ല.വനിതാജനപ്രതിനിധികൾക്കു പ്രസവാവധിയാണെങ്കിൽ ഓണറേറിയത്തിനു അർഹതയുണ്ടായിരിക്കും.(സ.ഇ.(പി) 186/2012.തസ്വഭവ.12.7.2012)

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വാർഡ് കേന്ദ്രം സ്ഥാപിക്കണമെന്നു പറയുന്നു.അവിടെ ആരാണ് സേവനമനുഷ്ഠിക്കേണ്ടത്?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എല്ലാ വാർഡുകളിലും സേവാഗ്രാം എന്ന പേരിൽ വാർഡുകേന്ദ്രങ്ങൾ സ്ഥാപിക്കണം.വാർഡിലുള്ള 50 നും 100 നും ഇടയിലുള്ള വീടുകൾ ചേർന്ന പ്രദേശത്തെ വോട്ടർമാർ ഉൾപ്പെട്ട അയൽസഭ രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.വാർഡുകേന്ദ്രം ഓഫീസിൽ കുടുംബശ്രീയിൽനിന്നോ ആശാവർക്കർമാരിൽ നിന്നോ 18 നും 45 വയസ്സിനും മദ്ധ്യേ പ്രായമുള്ളതും എസ്.എസ്.എൽ.സിയും ഡി.സി.എ യോഗ്യതയുമുള്ള ഒരാളെ വാർഡുമെമ്പറുമായി ആലോചിച്ച് ഭരണസമിതിക്കു നിയമിക്കാവുന്നതാണ്. അവർക്കു 1000/- രൂപ പ്രതിമാസം ഓണറേറിയം നൽകാവുന്നതുമാണ്.കൂടാതെ വാർഡ് വികസനസമിതിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന 25 പേരടങ്ങുന്ന നിർവാഹക സമിതിയും വാർഡുകേന്ദ്രം പ്രവർത്തിക്കുന്നതിൽ വേണ്ട സൗകര്യങ്ങൾ ചെയ്യേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്കു താഴെ പറയുന്ന ഉത്തരവുകൾ കാണുക.

1. സ.ഉ. (എം.എസ്) 112/2014 തസ്വഭവ.തീയതി.25.6.2014
2. സർക്കുലർ നമ്പർ 55247/ഐ.എ.1/14/തസ്വഭവ.തീയതി.6.2.2015

? പഞ്ചായത്തുകളിൽ ജാഗ്രതാസമിതികൾ രൂപീകരിക്കണമെന്നു പറയുന്നു ആയതിന്റെ ഉത്തരവുണ്ടോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിലും വാർഡുതലത്തിലും ജാഗ്രതാസമിതികൾ രൂപീകരിക്കേണ്ടതാണ്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയക്കുവേണ്ടിയാണ് ജാഗ്രതാസമിതികൾ രൂപീകരിക്കേണ്ടത്. കേരളസർക്കാരിന്റെ നിയമവകുപ്പിന്റെ 19314/ലെഗ്.സി.3/2015 തീയതി.3.10.2015 വിജ്ഞാപനം വഴിയാണ് ഇതിന്റെ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച വിശദമായ മാർഗ്ഗരേഖ ഉടനെ പുറപ്പെടുവിക്കുന്നതാണ്.

? പഞ്ചായത്തിൽ പ്രതിപക്ഷനേതാവിനു പ്രത്യേക അവകാശം എന്തെങ്കിലുമുണ്ടോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പ്രതിപക്ഷനേതാവ് എന്ന പദവി ഇല്ല. അതുകൊണ്ടുതന്നെ ഏതെങ്കിലും പ്രത്യേക അവകാശമോ ആനുകൂല്യമോ ആർക്കും നൽകാൻ പാടില്ല. അംഗങ്ങളുടെ ഇടയിൽ ഭരണപക്ഷം പ്രതിപക്ഷം എന്ന വേർതിരിവില്ല.സർക്കുലർ നമ്പർ 78842/ആർ.ഡി.3/2008/തസ്വഭവ.തീയതി.20.4.2011

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുക്കപ്പെട്ടവർ സ്വത്തുവിവരം നൽകണമെന്നു പറയുന്നു. എപ്പോഴാണ് നൽകേണ്ടത്?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം അദ്ദേഹത്തിന്റെയു കുടുംബത്തിലെ മറ്റംഗങ്ങളുടേയും സ്വത്തുകളും ബാദ്ധ്യതകളും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി തൽസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ പതിനഞ്ചു മാസത്തിനുള്ളിൽ സർക്കാർ നിശ്ചയിച്ച അധികാരസ്ഥാനത്തിനു മുമ്പാകെ സമർപ്പിക്കേണ്ടതാണ്.(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 159, കേരളമുനിസിപ്പാലിറ്റി നിയമം വകുപ്പ് 143 എ) ഇപ്രകാരം സ്വത്തുവിവരം സമർപ്പിച്ചശേഷം ഏതെങ്കിലും സ്വത്ത് ആർജിക്കുകയോ കയ്യൊഴിയുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്താൽ മൂന്നു മാസത്തിനകം വീണ്ടും സ്റ്റേറ്റ്മെന്റ് സമർപ്പിക്കണം. അല്ലാത്തപക്ഷം അംഗത്വത്തിനു അയോഗ്യത കൽപ്പിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.കൂടാതെ 1999 ലെ ലോകായുക്ത നിയമപ്രകാരം രണ്ടുവർഷത്തിലൊരിക്കൽ ജൂൺ 30 നു മുമ്പ് നിശ്ചിത ഫോറത്തിൽ ലോകായുക്ത രജിസ്ട്രാർ മുമ്പാകെ സ്വത്തുവിവരം സമർപ്പിക്കേണ്ടതാണ്. ഫോറത്തിന്റെ മാതൃകകൾക്കും കൂടുതൽ വിവരങ്ങൾക്കും സർക്കുലർ നമ്പർ 71471/ഇ.എം.1/2010/തസ്വഭവ.തീയതി 27.11.2010 കാണുക.

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097

പരിശീലനത്തിനുവേണ്ടി കില തയ്യാറാക്കിയ കൈപ്പുസ്കങ്ങളുടെ പ്രകാശനം മന്ത്രി ഡോ.എം.കെ മുനീർ നിർവഹിക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കു കിലയിൽ സംഘടിപ്പിച്ച
പരിശീലനപരിപാടിയിൽ കേന്ദ്ര പഞ്ചായത്ത് രാജ് സെക്രട്ടറി **എസ്.എം.വിജയാനന്ദ്** ഐ.എ.എസ് സംസാരിക്കുന്നു

കിലയിൽ ആരംഭിച്ച ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് ഓൺലൈൻ അടിസ്ഥാനകോഴ്സിന്റെ
ഉദ്ഘാടനം കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** നിർവഹിക്കുന്നു

ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ്; കിലയിൽ ഓൺലൈൻ കോഴ്സിനു തുടക്കം

ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരുടെ പ്രൊഫഷണലിസം വർദ്ധിപ്പിക്കുന്നതിനു കിലയുടെ പുതിയ ചുവടുവയ്പ്. ആറുമാസത്തെ ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് ഓൺലൈൻ അടിസ്ഥാനകോഴ്സിനു കില തുടക്കം കുറിച്ചു. ആദ്യബാച്ചിന്റെ ഉദ്ഘാടനം കില ഡയറക്ടർ ഡോ.പി.പി. ബാലൻ നിർവഹിച്ചു. കില അസി. പ്രൊഫ. ഡോ.ജെ.ബി. രാജൻ അദ്ധ്യക്ഷനായിരുന്നു. മാസ്റ്റർ ട്രെയിനർമാരായ എസ്.കെ.ബിജു, ശ്രീകാന്ത്, ഹാഷിം, പ്രതാപ്സിംഗ്, അപർണ, ആൽജോ, അനൂപ് എന്നിവർ സംബന്ധിച്ചു. പഞ്ചായത്ത് നിയമം, മാനേജ്മെന്റ്, സോഫ്റ്റ് സ്കിൽ എന്നീ മൂന്നു വിഷയങ്ങളാണ് കോഴ്സിന്റെ ഉള്ളടക്കം.ഇതിൽ നിയമം ഓൺലൈനായും മാനേജ്മെന്റും സോഫ്റ്റ് സ്കിലും കോൺടാക്ററ് ക്ലാസ്സിലൂടെയുമാണ് നൽകുന്നത്. കോഴ്സ് വിലയിരുത്തുന്നതിന്റെ ഭാഗമായി പ്രതിവാര ഓൺലൈൻ ടെസ്ററും മാസംതോറും നേരിട്ടുള്ള ടെസ്റ്റും നടത്തുന്നതാണ്.

കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനു കിലയിലെത്തിയ സിർഡാപി(സെന്റർ ഓൺ ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് ഫോർ ഏഷ്യ ആന്റ് പെസഫിക്ക്)ന്റെ പ്രതിനിധിസംഘത്തെ സ്വീകരിച്ച് കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** സംസാരിക്കുന്നു

സിർഡാപിന്റെ നേതൃത്വത്തിൽ വിദേശപ്രതിനിധിസംഘം കില സന്ദർശിച്ചു

കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനു സിർഡാപി(സെന്റർ ഓൺ ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് ഫോർ ഏഷ്യ ആന്റ് പെസഫിക്ക്)ന്റെ നേതൃത്വത്തിലുള്ള പതിനഞ്ചംഗ വിദേശപ്രതിനിധിസംഘം കില സന്ദർശിച്ചു.ഏഷ്യ-പെസഫിക്ക് രാജ്യങ്ങളിലെ പ്രാദേശികസർക്കാരുകളുടെ പ്രവർത്തനവിപുലീകരണത്തിനും ആശയവിനിമയത്തിനും പഠനത്തിനുമായി രൂപീകരിച്ച് ബംഗ്ലാദേശ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘടനയാണ് സിർഡാപ്.

കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ അതിഥികളായെത്തിയ സംഘാംഗങ്ങളെ കിലയിൽ ഡയറക്ടറും മറ്റും ചേർന്ന് സ്വീകരിച്ചു.ഇവർക്കുവേണ്ടി സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. അധികാരവികേന്ദ്രീകരണത്തിന്റെ കേരളത്തിന്റെ അനുഭവപാഠങ്ങളെക്കുറിച്ച് കേന്ദ്ര പഞ്ചായത്ത് രാജ് സെക്രട്ടറി എസ്.എം.വിജയാനന്ദ് സംസാരിച്ചു. സംസ്ഥാന ആസൂത്രണബോർഡ് മെമ്പർ സി.പി. ജോണും സംസാരിച്ചു. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ച് പ്രൊഫ. ടി.രാഘവനും വിഭവസമാഹരണത്തെസംബന്ധിച്ച് ഡോ.സണ്ണി ജോർജും പങ്കാളിത്ത ആസൂത്രണത്തെപറ്റി ഡോ.ജെ.ബി.രാജനും കുടുംബശ്രീപ്രവർത്തനങ്ങളെക്കുറിച്ച് ടാനി ജോസഫും സംസാരിച്ചു.വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്, നടത്തറ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ സംഘം സന്ദർശിച്ച് അവിടങ്ങളിലെ വിവിധ പ്രവർത്തനങ്ങൾ നേരിൽ കണ്ട് വിലയിരുത്തി. അഫ്ഘാനിസ്ഥാൻ,ബംഗ്ലാദേശ്, ഫിജി, വിയറ്റ്നാം, മ്യാൻമർ, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രതിനിധികളാണ് സംഘത്തിലുണ്ടായിരുന്നത്. സിർഡാപ് ഡയറക്ടർ ജനറൽ സിപി എഫൻഡി, പരിശീലനവിഭാഗം ഡയറക്ടർ ഡോ. വാസന്തി രാജേന്ദ്രൻ, നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിലെ പ്രോഗ്രാം ഡയറക്ടർ ഡോ.ഭാസ്കർ റാവു, പശ്ചിമബംഗാളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചായത്ത് റൂറൽ ഡെവലപ്മെന്റിലെ ഡെപ്യൂട്ടി ഡയറക്ടർ സമർഘോഷ് തുടങ്ങിയ പ്രമുഖർ സംഘത്തിലുണ്ടായിരുന്നു.

ലോകമനുഷ്യാവകാശദിനത്തോടനുബന്ധിച്ചുകില ജീവനക്കാർ പ്രതിജ്ഞയെടുക്കുന്നു

കില ജീവനക്കാർ മനുഷ്യാവകാശ പ്രതിജ്ഞയെടുത്തു

ലോകമനുഷ്യാവകാശദിനത്തോടനുബന്ധിച്ചു കില ജീവനക്കാർ പ്രതിജ്ഞയെടുത്തു.ഭാരതത്തിന്റെ ഭരണഘടനയിലും അന്താരാഷ്ട്ര ഉടമ്പടികളിലൂടേയും സംരക്ഷിക്കപ്പെട്ടിട്ടുള്ള മനുഷ്യാവകാശങ്ങളോട് നിർവ്യാജമായ കൂറും വിശ്വസ്തയും പുലർത്തുമെന്ന് ജീവനക്കാർ പ്രതിജ്ഞ ചൊല്ലി. കില എക്സ്റ്റഷൻ ഫാക്കൽറ്റി പി.വി. രാമകൃഷ്ണൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കില അസോ.പ്രൊഫ. ഡോ.പീററർ എം.രാജ്. അക്കൗൺസ് ഓഫീസർ ആർ.ഗിരിജാദേവി, സെക്ഷൻ ഓഫിസർ കെ. ബാബു എന്നിവർ നേതൃത്വം നൽകി.

KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)